**ഭാഗ്യക്കുറി പദ്ധതിയിലും മറ്റും പങ്കെടുക്കാനായുള്ള പണമടയ്ക്കൽ**

എ പി (ഡി.ഐ.ആർ സീരീസ്) വിജ്ഞാപനം നമ്പർ 2
(ജൂലൈ 27, 2001)
ഭാരതീയ റിസർവ് ബാങ്ക്
വിനിയ നിയന്ത്രണ വകുപ്പ്
കേന്ദ്ര കാര്യാലയം
മുംബൈ 400 001

ജൂലൈ 27, 2001

എ പി (ഡി.ഐ.ആർ സീരീസ്) വിജ്ഞാപനം നമ്പർ 2

എല്ലാ വിദേശവിനിമയ അംഗീകൃത ഡീലർമാർക്കും

സർ,

ഭാഗ്യക്കുറി ആദിയായപദ്ധതികളിൽ പങ്കെടുക്കാനുള്ള പണമടയ്ക്കൽ

ചില വിദേശസംഘടനകൾ ഭാരതത്തിലെ വ്യക്തികളോട് അവർ ഭാഗ്യക്കുറികളിലും മറ്റും സമ്മാനങ്ങൾ നേടിയിരിക്കുന്നു, അതിന്റെ ഫീസ് യു.എസ് ഡോളറിൽ അടക്കണം എന്നിങ്ങനെ നിർദ്ദേശിക്കുന്നതായി റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

2. അംഗീകൃത ഡീലർമാരുടെ ശ്രദ്ധ ഭാരതസർക്കാർ വിജ്ഞാപനം ജി.എസ്.ആർ 381(ഇ), 2003, മെയ് 3 ലെ പട്ടിക I ഇനം 3 ലേയ്ക്ക് ക്ഷണിക്കുന്നു - ഇത് ഭാഗ്യക്കുറി വാങ്ങലിന് പണമടവ് നിരോധിക്കുന്നതാണ്. അതുകൊണ്ട് ഭാഗ്യക്കുറി പദ്ധതികളിൽ പങ്കെടുക്കാനുള്ള ഏത് തരത്തിലുള്ള പണമടവുകളും ഫെമ (FEMA), 1999 പ്രകാരം നിരോധിച്ചിരിക്കുന്നു. എന്ന വസ്തുത പൊതുജനങ്ങളെ വേണ്ടപോലെ അറിയിക്കണമെന്ന് അംഗീകൃത ഡീലർമാരെ ഉപദേശിച്ചുകൊള്ളുന്നു. പണ വിതരണ പദ്ധതി തുടങ്ങി മറ്റ് പേരുകളിൽ പ്രവർത്തിക്കുന്ന

ഭാഗ്യക്കുറികളിലേയ്ക്കുള്ള പണമടവുകൾക്കും സമ്മാനത്തുക/ പുരസ്കാരങ്ങൾ കരസ്ഥമാക്കുന്നതിനുള്ള പണമടവുകൾക്കും ഈ നിയന്ത്രണങ്ങൾ ബാധകമാണ്.

3. ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ വിദേശവിനിമയ മാനേജ്മെന്റ് നിയമം 1999 ലെ (1999 ലെ 42) ഖണ്ഡം 10(4), ഖണ്ഡം 11(1) എന്നിവ പ്രകാരമാണ് ഇറക്കിയിട്ടുള്ളത്. ഈ നിർദ്ദേശങ്ങൾ നിക്ഷേധിക്കുകയോ പാലിക്കാതിരിക്കുകയോ ചെയ്യുന്നത് മേൽപ്പറഞ്ഞ നിയമ പ്രകാരം ശിക്ഷാർഹമായിരിക്കും.

വിശ്വസ്തതയോടെ,

കെ.ജെ ഉദേഷി

മുഖ്യ പൊതുകാര്യദർശി.